# സാന്ത്വനം

# 2019-2020

## സെന്റ് ജോർജ്ജസ് എച്ച്.എസ്.എസ്
## വെണ്ണിക്കുളം

# ഉള്ളടക്കം



| SL.NO | TITLE | AUTHOR | PG.NO |
|---|---|---|---|
| 1 | എഡിറ്റോറിയൽ | ഷിന്റോ ഗിബ്സ് | 3 |
| 2 | ഓണാഘോഷത്തിന്റെ വിഭിന്നമായ മുഖങ്ങൾ | അജിത്ത് വേലായുധൻ | 4 |
| 3 | പുസ്തക താളുകൾ | ക്രിഷ്ണപ്രിയ. പി | 5 |
| 4 | ജീവിത ദർപ്പണം | അനസ് സുനിൽ | 7 |
| 5 | യാഥാർഥ്യം | പാർവതി. സി. ആർ | 10 |
| 6 | മാറിമറിയുന്ന ഓണാഘോഷം | ദശരഥ് എൻ. പണിക്കർ | 12 |
| 7 | സ്വപ്നത്തിന്റെ ഇതളുകൾ | ദേവദത്ത് സെൽവരാജ് | 14 |
| 8 | താളം തെറ്റിയ ജീവിതം | അലൻ ഷിജി | 15 |
| 9 | ഭൂമിയുടെ രോധനം | മിന്നു വർഗ്ഗീസ് | 16 |
| 10 | മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ | സോമസൂര്യ | 17 |
| 11 | യഥാർത്ഥ ചങ്ങാതി | റാം ശങ്കർ ബാബു | 19 |

# ആമുഖം

'സ്പന്ദനം' എന്ന ഡിജിറ്റൽ മാസികയുടെ അവതരണം നടത്തുന്നത് *ST. George's HSS* സിന്റെ ലിറ്റിൽ കൈറ്റ്സിലെ കൊച്ചു കൂട്ടുകാരാണ്. മാസികയുടെ ഉള്ളിൽ പ്രസദ്ധീകരിച്ചിരിക്കുന്ന കവിതകളുടെ രചന നമ്മളുടെ സ്കൂളിലെ കുട്ടികളുടേതാണ്. ഞങ്ങളുടെ കൃതികൾ നിങ്ങളിലേക്ക് ഞങ്ങളുടെ ഹൃദയ 'സ്പന്ദന'ങ്ങളിലൂടെ അറിയിക്കുന്നു. ഈ കവിതകളെ ആസ്വദിക്കുവാൻ ഏവർക്കും സാധിക്കട്ടെ.

*, ആശംസകളോടെ എഡിറ്റർ*

# ഓണഘോഷത്തിന്റെ ഭിന്നമായ മുഖങ്ങൾ

ഓണാഘോഷത്തിന്റെ ഇപോൾ ഡിജിറ്റൽ അല്ലേ ? പലരും ഫോൺവഴി അല്ലേ ഓണം ആഘോഷിക്കുന്നത്. എന്നാൽ പണ്ട് ഓണം ആഘോഷിച്ചിരുന്നത് ഇങ്ങനെ ഒന്നുമല്ല. രാവിലെ എഴുന്നേറ്റ് പൂക്കൾ പറിച്ച് പൂക്കളം ഇട്ട് , സദ്യ ഉണ്ടാക്കി മാവേലിയെ കാത്തിരുന്നവർ ആയിരുന്നു പണ്ട് ഉള്ളവർ. ഉഞ്ഞാൽ ആടിയും പാട്ട് പാടിയും അവർ ആഘോഷിച്ചു. ഇപ്പോൾ എല്ലാം ഡിജിറ്റൽ ആയി. പൂക്കളും തന്നെ ഡിജിറ്റൽ രൂപത്തിൽ ഉണ്ടാക്കി മത്സരം ആയിപ്രസിദ്ധികരിക്കുന്നവരും ഉണ്ട്. ഓണാശംസ നേരിൽ പറയാതെ ഫോണിൽ പറയുന്നവർ അണ് ഇന്ന് മിക്കവരും. സദ്യ വീട്ടിൽ ഉണ്ടാക്കാതെ വാങ്ങുന്നവരും ഉണ്ട്. എല്ലാ പഴമകളും ഇന്ന് വെറുതെയാകുന്നു. ഓണാഘോഷം വെറുമൊരു ആഘോഷം അല്ല. അത് പണ്ട് കാലത്ത് ആഘോഷിച്ചിരുന്ന ഒരു ഉത്സവം ആണ്.ആ ആഘോഷത്തെ നമ്മൾ നശിപ്പിക്കുകയാണ്. ഇതിനുപ്പുറമെ നമ്മൾ കാണാത്ത കുറെ മുഖങ്ങൾ നമ്മുക്കു ചുറ്റും ഉണ്ട്. അവർ ഒരു സമയത്തെ ആഹാരത്തിനു വേണ്ടി മറ്റുള്ളവരോട് അപേക്ഷിക്കുകയാണ്. നമ്മൾക്ക് ചെയ്യാൻ കഴിയുന്ന സഹായം അവർക്ക് ചെയ്യുതാൽ ഈ ഓണാഘോഷം ഒരു സ്നേഹം നിറഞ്ഞ ആഘോഷമായി തീരും.

# പുസ്ത്ക താളുകൾ

മല്ലി മെല്ലെ അവളുടെ കണ്ണുകൾ തുറന്നു.പുറത്തു മഴ അതിശക്തമായി പെയ്യുന്നു.കുറേ കലപില ശബ്ദങ്ങൾ അവൾ കുടിലിനു പുറത്തേക്കു വന്നു.വർണ്ണനിറമുള്ള വസ്ത്ര ങ്ങൾ ധരിച്ച് കൈയ്യിൽ മനോഹരമായ കുടകൾ ചൂടി ബാഗുകളുമായി കുറേ കുട്ടികൾ നടന്നു പോകുന്നു.മല്ലി അവരെ നോക്കി നിന്നു.കണ്ണുകളിൽ നിന്നു കണ്ണീർത്തുള്ളികൾ ഇററിററായി വന്നു.അച്ഛനും,അമ്മയും ചെറുപ്പത്തിൽ തന്നെ മരിച്ച അവൾക്ക് താങ്ങായി ഈ ലോകത്ത് ആരുമില്ല.പലവീടുകളിലും പോയി ജോലി ചെയ്തു അതിൽ നിന്നു കിട്ടുന്ന പണം കൊണ്ട് മല്ലി ജീവിക്കുന്നു.പന്ത്രണ്ടു വയസുള്ള അവൾക്ക് സക്കൂളിൽ പോകണമെന്നുണ്ട് പക്ഷെ അതിനുള്ള പണം ഇല്ല.പുസ്ത്കങ്ങളെ എന്നും അവൾക്ക് ഇഷ്ടമായിരുന്നു.എന്തു തുണ്ടു പേപ്പറു കിട്ടിയാലും അവൾ അത് വായിക്കും.സ്കൂളിൽ പോകുന്ന കുട്ടികളെ അവൾ എന്നും നോക്കി നിൽകും.കീറിപ്പറിഞ്ഞ വസ്ത്ര ങ്ങൾ ധരിച്ച അവളോട് ആരും മിണ്ടാറില്ല.ഒരു ദിവസം ചിന്നു എന്ന പാവം കുട്ടി സ്കൂൾ വിട്ട് വരികയായിരുന്നു.അവൾ അറിയാതെ അവളുടെ ഒരു പുസ്തകം താഴെ വീണു ഇതുകണ്ടു മല്ലി പുസ്തകമെടുത്ത് ചിന്നുവിൻെറ പുറകെ ഓടി.പക്ഷെ നടന്നു അങ്ങകലെ എത്തിയിരുന്നു മല്ലി ആ പുസ്തകം വായിച്ചു . പുസ്തകങ്ങളോടുള്ള അവളുടെ താൽപര്യം വർധിച്ചു. ആ പുസ്തകം അവൾ ഒരു കുഞ്ഞു പെട്ടിയിൽ ഭദ്രമായി വച്ചു.പുലർച്ചേ തന്നെ ചിന്നു പള്ളിക്കൂടത്തിൽ പോകാനായി ഇറങ്ങി വഴിയിൽ മല്ലി പുസ്തകവുമായി നിൽകുന്നു.അവളെ കണ്ട് കുട്ടികൾ കളിയാക്കി ചിരിക്കുകയും

മാറിനടക്കുകയും ചെയ്തു.മല്ലി സങ്കടം ഉള്ളിൽ ഒതുക്കിക്കൊണ്ട് ചിന്നുവിനുനേരെ പുസ്തകം നീട്ടി.ഇതു കണ്ട മററുകുട്ടികൾ ഇതു കാണാതായ ചിന്നുവിൻെറ പുസ്തകമല്ലെ എന്ന് പരസ്പരം പറഞ്ഞു.എല്ലാവരും അവളെ കള്ളി എന്നാരോപിച്ചു. കള്ളി ,കള്ളി ............ കള്ളി ,മോഷ്ടിച്ചവൾ അങ്ങനെ പല പേരുകൾ അവർ മല്ലിയെ വിളിച്ചു.അവൾ ചെവിമൂടികൊണ്ട് പറഞ്ഞു ഞാൻ കള്ളിയല്ല്.ചെയ്യാത്ത കുററത്തിന് അവൾ അവിടെ കള്ളിയായി.അവൾ പൊട്ടികരഞ്ഞു.പക്ഷെ ചിന്നു അതൊന്നും കേട്ടതായി ഭാവിച്ചില്ല.അവൾ ആ പുസ്തകം മല്ലിക്ക് കൊടുത്തു.മല്ലി സംഭവിച്ചതെല്ലാം ചിന്നുവിനോട് പറഞ്ഞു.ചിന്നു കുറെയേറെ പുസ്തകങ്ങൾ മല്ലിക്കു നൽകി.അവളുടെ അച്ഛനോടു പറഞ്ഞു.മല്ലിക്കും സ്കൂളിൽ പോകാൻ കഴിഞ്ഞു.അവർ രണ്ടുപേരും സുഹൃത്തുക്കളായി.ചിന്നുവിൻെറ മനസ്സിലെ നന്മയും,കരുണയും,കാരണം മല്ലിക്കൊരു പുതിയ ജീവിതംകിട്ടി. അവൾ ദൈവത്തോടും ചിന്നുവിൻെറ കുടുംബത്തോടും നന്ദി പറഞ്ഞു.

**X-----------------------------------X**

# ജീവിത ദർപ്പണം

അമ്മു അന്ന് രാവിലെ ഉറക്കച്ചടവോടുകൂടി എഴുന്നേറ്റ് . അവൾ ചുറ്റിലും നോക്കി. അവളൊഴികെയുള്ള എല്ലാ കുട്ടികളും എഴുന്നേറ്റു പോയിക്കഴിഞ്ഞിരുന്നു. രാത്രിമുഴുവൻ കഥാപുസ്ഥകം വായിചിരുന്ന് രാവിലെ എഴുന്നേറ്റവഴി കിടക്കപായയിൽ നിന്നെഴുന്നേറ്റ് പുറത്തേക്കിറങ്ങിയതും മേരി സിസ്റ്റർ വന്ന് അവളോട് ചോദിച്ചു.അമ്മുക്കുട്ടി നീ എപ്പോഴാണ് എഴുന്നേറ്റത്.അവൾ പറഞ്ഞു അതേ സിസ്റ്ററേ രാത്രി ഒരു കഥാപുസ്ഥകംവായിച്ചിരുന്നു ഉറങ്ങാൻ വളരേയധികം വൈകി.അതിനാൽ ഉണരാനും വൈകി.സാരമില്ല മോളു പോയി പല്ല് തേച്ച്,കുളിച്ചിട്ട് വാ...എല്ലാവരും ഭക്ഷണം കഴിക്കാൻ ഇരുന്നു.മോൻ വരാൻ കുറച്ചു നേരം വെയ്റ്റ് ചെയ്തിരുന്നു.പക്ഷെ മോനെ കാണാതായതിനാലാണ് എന്നെ അനീറ്റ സിസ്റ്റർ എന്നെ പറഞ്ഞു വിട്ടത്.ശരി സിസ്റ്ററെ ഞാൻ വേഗം പോയി കുളിചിട്ടു വരാം.മ്ം...വേഗം ചെല്ല്.അമ്മു വേഗം തന്നെ പല്ല് തേച്ച് കുളിക്കാൻ ചെന്നപ്പോൾ അവിടെയുള്ള കുളിമുറികളെല്ലാം ഒഴിഞ്ഞു കിടക്കുകയായിരുന്നു.നേരം വൈകി എഴുന്നേറ്റത് കൊണ്ടാവാം, ഇവിടെയെങ്ങും ആരും ഇല്ലാത്തത്.അമ്മു സ്വയം പറഞ്ഞിട്ട് കുളിക്കാൻ കയറി.കുളിക്കുന്നതിനിടയിൽ അമ്മു സോപ്പുകുമിളകൾ ഉണ്ടാക്കി.കുളിമുറിയുടെ വാതിലിനിടയിലൂടെ വരുന്ന വെളിച്ചത്തിൽ സോപ്പുകുമിളകളിൽ മഴവിൽ വർണ്ണങ്ങൾ വരുന്നത് അമ്മുകണ്ടു.പക്ഷെ അതിലെ നിറങ്ങൾ മുഴുവൻ എണ്ണാൻ അവൾക്ക് കഴിഞ്ഞില്ല.അപ്പോഴേക്കും അത് പോട്ടി പോകും.വേഗം തന്നെ അവൾ കുളികഴിഞ്ഞിറങ്ങി.അവൾ ചെന്നപ്പോൾ അവർ കഴിച്ചുതുടങ്ങിയിരുന്നു.അവൾ വേഗം ചെന്നിരുന്ന് അവരുടെ കൂടെ ഭക്ഷണം കഴിച്ചിട്ട് അവളെക്കാലും രണ്ടു വയസ്സ് കൂടുതലായ ലില്ലിയുടെയും നന്ദുവിൻെറ്റയും കൂടെ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു.അപ്പോഴാണ് കറുത്ത പെയിൻറ്റടിച്ച ഗെയ്റ്റ് തുറന്നു ഒരു കാർ വരുന്നത് അവൾ കണ്ടു.അതിൽ നിന്ന് അപരിചിതരായ ഒരു സത്രീയും,ഒരു പുരുഷനും ഇറങ്ങി വരുന്നു.അവളെ കണ്ടതും ആ സത്രീ അവളെനോക്കി ചിരിച്ചിട്ട് മേരി സിസ്റ്ററിൻെറ്റയും അനീറ്റ സിസ്റ്ററിൻെറ്റയും അരികിലേക്ക് പോയി.അവിടെ ചെന്ന് കുറച്ചുകഴി

ഞ്ഞതും,അവിടുത്തെ ആയയായ ശാന്തമ്മ വന്ന് അമ്മുവിനെ വിളിച്ചുകൊണ്ടുപോയി.അമ്മു ശാന്തമ്മയോടു ചോദിച്ചു:എന്തിനാ ചേച്ചി എന്നെ വിളിച്ചുകൊണ്ടു പോകുന്നത്.ശാന്തമ്മ വളരെ സങ്കടത്തിലായിരുന്നു.ശാന്തമ്മ പറഞ്ഞു:എനിക്കറിയില്ല മോളെ,അനീറ്റ സിസ്റ്റർ എന്റെ അടുത്ത് മോളെ വിളിച്ചുകൊണ്ടു വരാൻ പറഞ്ഞു.അല്ലാതെ എനിക്കൊന്നും അറിയില്ല. അനീറ്റ സിസ്റ്ററിന്റെ അടുത്ത് ചെന്നപ്പോൾ അനീറ്റ സിസ്റ്റർ എന്നെ ആ നേരത്തേ കണ്ട സത്രീയുടെ അരികിലേക്ക് ചേർത്തുനിർത്തി.ആ സത്രീ എന്റെ അടുത്ത് പേര് ചോദിച്ചു.ഞാൻ എന്റെ പേരു പറഞ്ഞു.അപ്പോൾ ആ സത്രീ എന്റെ അടുത്ത് ആ സത്രീയുടെ പേരു പറഞ്ഞു;ഇന്ദു.ഞാൻ ആ ആൻറ്റിയെ ഇന്ദുവാൻറ്റിയെന്നു വിളിച്ചു.അപ്പോൾ ആൻറ്റി പറഞ്ഞു ഇനി മുതൽ അമ്മുക്കുട്ടി എന്നെ അമ്മ എന്നു വിളിച്ചാൽമതിയെന്ന്.ഞാൻ ഇന്ദുവാൻറ്റിയെ അമ്മ എന്നു വിളിച്ചുതുടങ്ങി.ആ ദിവസം മുഴുവനും അമ്മ എന്റെ കൂടെ ഉണ്ടായിരുന്നു.കളിക്കുന്നതിനിടയിൽ അമ്മ എന്നോട് എന്റെ ഇഷ്ട്പെട്ട നിറം ഏതാന്ന് ചോദിച്ചു.അപ്പോൾ ഞാൻ പറഞ്ഞു പഴുത്ത മാങ്ങയുടെ മഞ്ഞ നിറമാണെന്ന്.ഞാൻ എപ്പോഴും സിസ്റ്ററോട് പറയും,ഈ അനാഥാലയത്തിനും ഗെയ്റ്റിനും എല്ലാം മഞ്ഞ നിറം അടിക്കണമെന്ന്.അപ്പോൾ സിസ്റ്റർ പറയും അമ്മു വലിയ ആളാകുമ്പോൾ ഇതിനെല്ലാം മഞ്ഞ നിറം അടിക്കണമെന്ന്.ഉച്ചയ്ക്ക് അമ്മ എനിക്ക് ചോറു വാരിതന്നു.വൈകുന്നേരം അമ്മ പോയപ്പോൾ എനിക്ക് വളരെയധകം സങ്കടം ആയി.അതിനു ശേഷം ഞാൻ സിസ്റ്ററോട് ചോദിച്ചു ആ വന്ന അമ്മയും ചേട്ടനും ആരാണെന്ന്.സിസ്റ്റർ പറഞ്ഞു അത് ഒരു ചേട്ടനല്ല, ഇനിമുതൽ നിന്റെ അച്ഛനാണെന്ന്.സിസ്റ്റർ വളരെയധികം സങ്കടത്തോട്ടുകൂടി പറഞ്ഞു.അവർ നിന്നെ ദത്തെടുക്കുകയാണ്.രണ്ട് ദിവസത്തിനു ശേഷം അവർ നിന്നെ കൂട്ടിക്കൊണ്ട് പോകുമെന്ന് പറഞ്ഞ് സിസ്റ്റർ എന്നെ കിടത്തിയിട്ടു കരഞ്ഞുകൊണ്ട് പോയി.എല്ലാവരെയും വിട്ട് പോകണമെന്ന് കേട്ടപ്പോൾ എനിക്കും വളരെയധികം സങ്കടമായി.കരഞ്ഞു കരഞ്ഞു എപ്പോഴോ മയങ്ങിപോയി.

രാവിലെ ഉണർന്നപ്പോഴാണ് ഇന്നാണ് സ്കൂൾ തുറക്കുന്നത.ഞാനൊരു സമ്മാനമുണ്ടാക്കി എന്റെ മേശയിൽ സൂഷിച്ചു വച്ചു.പിറ്റേ ദിവസം രാവിലെതന്നെ സിസ്റ്റർമാർ വന്ന് എന്നോട് റെഡിയാവാൻ പറഞ്ഞു.റെഡിയായി വന്നപ്പോൾ അമ്മയും അച്ഛനും ഓഫീസിൽ ഇരിക്കുന്നുണ്ടായിരുന്നു.പോകുവാനുള്ള എല്ലാ തയ്യാറെടുപ്പുകളും ചെയതുകഴിഞ്ഞു.ഞാൻ സിസ്റ്റർമാർക്ക് എന്റെ സമ്മാനം കൊടുത്തു.അവർക്ക് വളരെയധികം സന്തോഷമായി.അമ്മ പോവാം എന്നു പറഞ്ഞ് എന്നെ കാറിൽ കയറ്റി ഇരുത്തി.പോകുമ്പോൾ ഞാൻ തല പുറത്തിട്ടുകൊണ്ട് തിരിഞ്ഞു നോക്കി.എന്റെ കണ്ണ് നിറഞ്ഞതു കൊണ്ടാണോന്നറിയില്ല എല്ലാവരുടെയും കണ്ണുകൾ നനവുള്ളതായി എനിക്ക് തോന്നി........

# യഥാർത്ഥ്യം

മഞ്ഞുമൂടിക്കിടക്കുന്ന ആ താഴ്വരയിൽ അയാൾ ഏകനായി നടന്നുകൊണ്ടിരുന്നു.രാത്രികളിലെ അജ്ഞാതമായ ശബ്ദങ്ങൾ ചീവീടുകൾ തേങ്ങുകയാണോ ചിരിക്കുകയാണോ എന്നയാൾക്കു മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. ഒരു അപരിചിതൻ എന്നപോലെ അയാളുടെ ഹൃയങ്ങളിലേക്ക് ഭീതിയും കടന്നുചെന്നു. മന്ദമായിതഴുകുന്ന കുളിർക്കാററ് അങ്ങകലെ നിന്നും കളകളാരവത്തോടുകൂടി ഒഴുകുന്ന അരുവി അതിനപ്പുറം രാവിനെ വെല്ലുന്നത്രപ്രകാശവിസ്മയം അവിടെയൊരു ആഘോഷം നടക്കുകയാണെന്ന് അയാൾ കരുതി. അയാൾ അവിടേയ്ക്ക് ഭയന്നാണെങ്കിലും കടന്നുചെന്നു. പെട്ടെന്ന് അവിടെ ഉള്ള വിചിത്രവേഷധാരികൾ അയാളെ ബലമായി പിടിച്ചുകൊണ്ടുപോയി കയറുകൾ ഉപയോഗിച്ച് ബന്ധിപ്പിക്കുന്നു. ഒരു ക്രൂരമൃഗത്തെപ്പോലെ അയാളെ ഉപദ്രവിക്കുന്നു. തനിക്ക് ചുററും പൂക്കൾ വിതറുന്നു മന്ത്രതന്ത്രങ്ങൾ ഉരിവിടുന്നു. അയാൾ ഭയന്നുവിറച്ചു. പെട്ടെന്ന് തനിക്ക് നേരെ ഉതിരുന്ന ഭയാനകശബ്ദങ്ങൾ നിലച്ചു. ഒരാൾ തനിക്കു നേരെ ഒരു ഇരുമ്പിന്റെ മൂർച്ചയേറിയ വാളുകൊണ്ട് അയാളെ വെട്ടുവാൻ ഉതിരുന്നു. ഒരു നിമിഷത്തേക്ക് അയാളുടെ ഹൃദയങ്ങൾ നിലച്ചു. ഭയം മൂലം കണ്ണുകൾ താനെ അടഞ്ഞു. അല്പനേരം കഴിഞ്ഞ് കണ്ണു തുറന്ന അയാൾ കണ്ട കാഴ്ച അസഹനീയമായിരുന്നു. ചുടുചോരയിൽ

വെന്തുതീരുന്ന തന്റെ അമ്മ. അയാൾക്ക് അത് സഹിക്കുവാൻ കഴിഞ്ഞില്ല ആ നിമിഷം അയാളുടെ അമ്മ എങ്ങനെ അവിടെയെത്തിയെന്നും അങ്ങനെ ഒന്നും തന്നെ അയാൾക്ക് മനസ്സിലാക്കുവാൻ സാധിച്ചില്ല. അക്ഷമനായ അയാൾ തന്നെ ബന്ധിപ്പിച്ചിരുന്ന മാർഗതടസങ്ങൾ നിഷ്പ്പയാസം വലിച്ചുകീറി തന്റെ അമ്മയെ ഇരുകരങ്ങളാലും വാരിയെടുത്ത് മാറോടുചേർത്ത് പൊട്ടിക്കരഞ്ഞു. കടലോളം വാർന്നൊഴുകുന്ന കണ്ണനീര് അവിടെ ഉള്ള സർവ്വരുടേയും കണ്ണനിറഞ്ഞു. തന്റെ അമ്മയെ എത്രത്തോളം താൻ വേദനിപ്പിച്ചിട്ടുണ്ട് വാക്കുകൊണ്ടും നോക്കുകൊണ്ടും പ്രവൃത്തികൊണ്ടും എല്ലാതരത്തിലും വേദനിപ്പിച്ചിട്ടുണ്ട് താൻ വളർന്നതിൽ പിന്നെ തന്റെ അമ്മ സന്തോഷം എന്തെന്നറിഞ്ഞിട്ടില്ല.അയാൾ പൊട്ടിക്കരഞ്ഞു. ഉറക്കത്തിൽ പൊട്ടിക്കരയുന്ന തന്റെ മകനെ കണ്ട ആ അമ്മ മകനെ വിളിച്ചുണർത്തി സുര്യകിരണങ്ങൾ പോലെ പ്രകാശിക്കുന്ന തന്റെ അമ്മയെ കണ്ട അയാൾ പുഞ്ചിരിച്ചു. ഒരു കവിളിലും ചുംബനം നൽകി. അന്നാദ്യമായാണ് അയാൾ തന്റെ അമ്മയുടെ സ്നേഹം മനസ്സിലാക്കുന്നത് സ്വപ്നത്തിൽ പോലും തന്നെ സംരക്ഷിക്കുവാൻ വേണ്ടി സ്വന്തം ജീവിതത്തിന് മൂല്യം നൽകുന്നില്ല അമ്മ എന്ന് അയാൾക്ക് മനസ്സിലായി. പിന്നീടൊരിക്കലും അയാൾ തന്റെ അമ്മയുടെ ചുണ്ടിൽ നിന്നും പുഞ്ചിരി മായാൻ ഇടവരുത്തിയില്ല. അങ്ങനെ കാർമേഘങ്ങൾ മാറി ഇളംകാററും കുളിർമഴയും പെയ്യുവാൻ ആരംഭിച്ചു

# മാറിമറിയുന്ന ഓണാഘോഷം

നമ്മുടെ ഇന്നത്തെ ജീവിതരീതി തന്നെ മാറിമറിപ്പെട്ടരിക്കുകയാണ്. കാലം മാറുമ്പോൾ കോലോം മാറും എന്നല്ലേ പഴഞ്ചൊല്ല് .അതുപോലെ ജീവിതരീതി മാറിയപ്പോൾ ആഘോഷങ്ങളിലും മാറ്റം വന്നിരിക്കുന്നു. പ്രധാനമായും നമ്മുടെ ഓണഘോഷങ്ങളിൽ ആണ് മാറ്റം സംഭവിച്ചിരിക്കുന്നത്.ഓണം എന്നത് ഒരു മഹത്തരമായ ആഘോഷമാണ് . അങ്ങനെയുള്ള ഓണത്തെ നാമിന്ന് നികൃഷട്മാക്കിയിരിക്കുകയാണ്.വളരെ പ്രാധാന്യമർഹിക്കുന്നതും ധാരാളം ഐതീഹ്യങ്ങള്,മുള്ള ഒരാഘോഷമാണ് ഓണം. പക്ഷെ , ഇന്നത്തെ തലമുറയ്ക്ക് ഈ പ്രാധാന്യവും ഐതിഹ്രങ്ങളും അറുയുകയില്ല എന്നതാണ് സത്രാവസ്ഥ. പണ്ടുകാലത്തെ ഓണാഘോഷം എന്തു മഹനീയമായിരുന്നു .അനുഭവിച്ചറിയാൻ പറ്റിയിട്ടില്ലെങ്കിലും അപ്പനപ്പൂപ്പന്മാരിൽ നിന്നും പറഞ്ഞുകേട്ടിട്ടുണ്ട് . അവരുടെ അനുഭവങ്ങൾ അവർ ഞങ്ങളുമായ് പങ്കുവച്ചിരുന്നു ദാരിദ്യകാലഘട്ടത്തിലെ ആഘോഷമായിരുന്നെങ്കിലും പ്രാധാന്യത്തോടും മഹനീയതോടും ഐതീഹ്യത്തോടുകുടിയുമായിരുന്നും ആഘോഷിച്ചിരുന്നു അത്രയും നാളും വല്യകറികളൊന്നും കൂട്ടി ഭക്ഷണം കഴിക്കാതെ, കഴിക്കാൻ ഇല്ലാത്തൊരവസ്ഥയായിരുന്നു, ഓണനാളുകളിൽ പലവിദവങ്ങളോടുകുടി സദ്യകഴിച്ചർ അന്നാളിലുള്ള ജനങ്ങൾ ആയിരുന്നു. അവർ ഭക്ഷണത്തിന്റെ വിലയെന്തെന്നറിഞ്ഞവരായിരുന്നു. ഒരു പക്ഷെ ഇന്നത്തെ കാലത്തിലെ ആഘോഷം തികച്ച വേർപ്പെട്ട് വ്യത്യസ്ത്തപ്പെട്ടിരുക്കുകയാണ്. ഇന്ന് എല്ലാ ദിവസവും 2 ലധികം കറികൾകൂട്ടി ഭക്ഷിക്കുന്ന ജനങ്ങൾ അന്നാളിൽ കഴിക്കുന്ന ഭക്ഷികൊണ്ട് ഭക്ഷണത്തിന്റെ വില കാര്യമായൊന്നും അറിയുന്നില്ല.

സ്വന്തം വിട്ടുവളപ്പിൽ കൃഷിചെയ്തെടുത്ത പച്ചക്കറികളും വാഴയിലകളുമതല്ലാം കൊണ്ടായിരുന്നു പണ്ടുകാലത്തെ ആളുകൾ ഓണസദ്യ തയ്യാറാക്കിയിരുന്നത്.എന്നാൽ ഇന്ന് എല്ലാം വിപണിയുടെ സ്വാധീനത്തില് അന്നിറങ്ങപ്പെട്ടിരിക്കുകയാണ്.സ്വാധീനം മുഴുവൻ വിപണിയിലേക്കാഞ്ഞു.വിപണിയിലെ എല്ലാം പച്ചക്കറികളും പേപ്പർ വാഴയിലകളുംമെല്ലാമാണ് ഇന്നത്തെ ഓണസദ്യക്ക് വിഷമയമാണ് ഈ പച്ചക്കറികൾക്കൊക്കെ. പണ്ട് ഓണപ്പൂക്കളമിടാൻ പൂക്കൾ പറിക്കുന്നത് തൊടികളിൽ നിന്നും പറമ്പിൽ നിന്നും മുറ്റത്തുനിന്നെല്ലാമാണ്.ഇന്ന് എല്ലാം വിപണികളിൽനിന്നാണ് ഓണത്തിരക്കേറിയാൽ അപ്പൊ ഒരു പായലയണ് വിപണിയിലേക്ക്. അവിടെനിന്നും പൂക്കളൊക്കെ മേടിച്ച് വീട്ടിലെ പൂക്കളം നിർമിക്കും ഇന്ന് ഒട്ടുമിക്ക്യവീടുകളിലും പൂക്കളൊന്നും കാണപ്പെടാറില്ല. പറമ്പുകളാണെങ്കിൽ കെട്ടിടങ്ങൾ കൊണ്ട് സമ്രുദ്ധം . കവയത്രിയായ വിജയലക്ഷമി തന്റെ കവിതയിൽ പറയുന്നില്ലെ? കാറ്റും മഴയുമെല്ലാം കെട്ടിടത്തിന്റ ബാൽക്കണിയിൽ നിന്നാസ്വദിക്കുന്നതായി ചുരുങ്ങിയിരുക്കുന്നെന്ന് ഇതുശരിയാണ്.പണ്ടുകാലത്തെ ഓണത്തെ അപേക്ഷിച്ച ഇന്ന ഓണം വെറും ഒരു ആഘോഷം മാത്രംമായി ച്ചുരുങ്ങിയിരിക്കുന്നുവ ഇന്നത്തെ ഓണം ഭിനമായ മുഖംങ്ങളുടെ പ്രതികമാണ്.പഴയകാല ഓണാഘോഷം പോലെ നമുക്ക് ഇന്നത്തെ ഓണത്തിനെ മാറ്റിയെടുക്കാൻ കഴിയും അതിന് ചില അവിഭാജ്യഘടകങ്ങൾ ആവശ്യമാണ്. വ്യെക്തികളുടെ ഒത്തുചെരലും ഒത്തൊരുമയും ഇന്നത്തെ ക്രഷിയുടെ തിരിച്ചവരവുമെല്ലാം കൊണ്ട് ഇന്നത്തെ ഓണത്തെ നമുക്ക് പണ്ടത്തെ ഓണമാക്കിത്തീർക്കാം

# സ്വപ്നത്തിന്റെ ഇതളുകൾ

മഴവില്ലിന്റെ, മനോഹരമായ നിറങ്ങൾ മലമുകളിലെ കത്തുന്ന സൂര്യന്റെ കിരണങ്ങൾ എവിടെ നോക്കിയാലും പച്ചപ്പ് ഒരു ഗ്രാമത്തിന്റേതായ എല്ലാം ഭംഗികളും അവിടെയുണ്ടായിരുന്നു. രാവിലെ തന്നെ കൃഷിയിടങ്ങളിലേക്ക് എല്ലാവരും യാത്രയായി. ആദ്യമായിയാണ് അവർ ഇത്ര സന്തോഷിക്കുന്നത്. കിളികളുടെ കലപില ശബ്ദവും ജലത്തിന്റെ മധുരതരമായ കളകള ആരവും ഹിമാലയത്തിന്റെ മുകളിൽ നിന്ന് വരുന്ന വെള്ളച്ചാട്ടത്തിന്റെ അതിമനോഹരമായ സൗന്ദര്യവും ഒരു കിളി പാറിവന്ന് അവിടത്തെ അതിന്റെ കൂട്ടിൽ മുട്ടകളുമുണ്ട് മനോഹരമായ ദൃശ്യം. ആ കൊമ്പ് ഒടിഞ്ഞു വീഴാൻ പോവുകയാണ്. 'അയ്യോ; കിളി സൂക്ഷിക്കണേ? പെട്ടെന്ന് ആരോ അവളെ വിളിക്കുകയാണ് കണ്ണുതുറന്നു നോക്കിയപ്പോൾ അമ്മയാണ് . ഞാൻ കണ്ടത് സ്വപ്നമായിരുന്നു?അവൾ അവളോട് തന്നെ ചോദിച്ചു. പക്ഷേ ഇത്രയേറെ ഭംഗിയുള്ള സ്വപ്നം ഞാനാദ്യമായണ് കാണുന്നത്. അവൾ പറഞ്ഞു ഇങ്ങനെയൊരു ദൃശ്യം ഒരിക്കലും നേരിട്ട് കാണാൻ കഴിയില്ല. കാരണം മനുഷ്യൻ പ്രകൃതിയെ ദ്രോഹിക്കുന്നു എന്നതാണ് എന്ന് അവൾ മനസ്സിലാക്കിയിരിക്കുന്നു.

# താളംതെറ്റിയ ജീവിതം

കണ്ണുതുറന്നപ്പോൾ കണ്ടത് മാസ്ക്കൊണ്ടു മറച്ച കുറയെ ആളുകളെയാണ്.ആദ്യം പരിഭ്രാന്തമായി ചുററും നോക്കി. പിന്നെമനസ്സിലായി അടച്ചിട്ട മുറിയിൽ ജീവനുവേണ്ടി പോരാടുകയാണ്.ഒന്നും ശരിയായി ഓർക്കാൻ പററുന്നില്ലെങ്കിലും ഒരു കാര്യം മനസ്സിലായി. എല്ലാം ഒററനിമിഷം കൊണ്ട് തീർന്നെന്ന്.പെട്ടന്നാണ് ഒരാൾ ഓടി വന്നത്.പുറകെ കുറയെ വെള്ള വസ്ത്രം ധരിച്ച സ്ത്രീകളും. ഒരു സൂചിയെടുത്ത് എന്നെ കുത്തി വേദനയറിയാതെ ഞാൻ മയങ്ങി. മയക്കത്തിലായിരുന്ന ഞാനത് കണ്ടത്.വളരെ സന്തോഷത്തിലായിരുന്ന അവരുടെ യാത്ര. ചേട്ടനും,അനിയത്തിയും,അമ്മയും,അച്ഛനു കൂടിയുള്ള മനോഹരമായ യാത്ര.പെട്ടന്നാണ് അത് സംഭവിച്ചത്.അങ്ങകലെനിന്നുവന്ന കണ്ടയ്നർ ആ കാറിനെ ഞെക്കിഞെരിച്ചു.പെട്ടന്നാണ് ഞാൻ ഞെട്ടിയുണ ർന്നത്.കുറച്ചു നാളുകൾക്കു ശേഷമാണ് ഞാൻ സുഖപ്പെട്ടെഴുന്നേൽ ക്കുന്നത്. ആദ്യം അന്വേഷിച്ചത് എന്റെ കുടുംബത്തേയാണ്. മറുപടിപറയാൻ ആദ്യമൊന്ന് പതറിയെങ്കിലും അവർ എന്നെന്നേക്കുമായി ഇവിടം വിട്ടുപോയെന്ന കാര്യം ഒട്ടും താമസിക്കാതെ ഞാനറിഞ്ഞു. ഒന്നും മിണ്ടാതെ ഞാൻ നടന്നു, വഴിയറിയാതെ. അലസമായ ജീവിതം ജീവിച്ചുതീർക്കണമോ എന്നറിയാതെ തെരുവുകളിലൂടെ നടന്നു നീങ്ങി.

# ഭൂമിയുടെ രോദനം

എന്തിനാണീ ക്രൂരത എൻ ഭൂമിയോട്
എന്തിനാണീ ക്രൂരത എൻ തായയോട്
എല്ലാം സഹിക്കുമെൻ ഭൂമിയെ നീ
കൊല്ലാനൊരുമ്പെട്ടുമൊരു ദിവസം
പ്ലാസ്റ്ററിക്പോലുള്ള അക്രമകാരിയാം
എൻ ഭൂമിയിലേക്കെന്തിനിടുന്നു.
പച്ചപ്പാം മരങ്ങളെ നിങ്ങൾ വെട്ടിവീഴ്ത്തി
പുണ്യനദിയായ ഗംഗയോട്
എന്തിനീ ക്രൂരത നിങ്ങൾ ചെയ്തു
തീക്കനൽപോലെ ജ്വലിച്ചു നിൽക്കുന്നൊരു
സൂര്യൻ വരുമ്പോൾ താമര വിരിയും
എന്തേയെൻ താമര വിരിയാതിരിക്കുന്നത്
സൂര്യൻ വരാത്തത് എന്തുകൊണ്ടാണോ?
മനുഷ്യന്റെ ക്രൂരത അതിക്രമിച്ചീടിനാൽ
നൊമ്പംപൊട്ടി ഭൂമികരഞ്ഞീടിനാൽ
പിച്ചവച്ച്നടന്നോടിയ ഭൂമി നമ്മയെ കൈവിട്ട് പോകുന്നുവോ?......
മനുഷ്യനേ നിന്റെ പ്രവർത്തി അതിക്രമിച്ചീടുന്നു
പ്രകൃതി തൻ രോക്ഷം വർധിച്ചീടുന്നു.
എന്തിനാണീ ക്രൂരത എൻ ഭൂമിയോട്
എന്തിനാണീ ക്രൂരത എൻ തായയോട്
കേൾക്കുന്നില്ലേ ഭൂമിതൻ **"രോദനം"**

# മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ

നമ്മുടെ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ് മയക്കുമരുന്നു ഉപയയോഗം. നാളത്തെ പൗരന്മാരായ നമ്മുടെ കുട്ടികളാണ് ഇതിന്റെ പ്രധാന ഇരകൾ. മിഠായുടെയും ഗുളികകളുടെയും രൂപത്തിൽ മയക്കുമരുന്ന് നമ്മുടെ കുട്ടികളെ കീഴടക്കുന്നു. മദ്യപാനത്തേക്കാൾ ഗുരുതരമാണ് മയക്കുമരുന്ന് ഉപയയോഗിക്കുന്നവർ നേരടേണ്ടിവരുന്ന അവസ്ഥ. മയക്കുമരുന്നുകൾ കേന്ദ്രനാഡീ വ്യവസ്ഥയുടെ ഏകോപനത്തിനുള്ള കഴിവ് കുറച്ച് കളയുന്നു. ഇവ ഉപയയോഗിക്കുന്ന ആളുകൾക്ക് ആശയവിനിമയത്തിനുള്ള കഴിവ് നഷ്ടപ്പെടുന്നു. ഇതുഉപയോഗിക്കുന്നതുമൂലം സ്വന്തം മാതാപിതാക്കളെ പോലും വധിക്കാൻ മടിയില്ലാതാകുന്നു. സുഹൃത്തുക്കളെ പോലും തിരിച്ചറിയാതെ അവരെയും ഉപദ്രവിക്കുന്നു. നല്ലവാക്കുകൾ സംസാരിക്കാൻപോലും ഇത്തരക്കാർ മറന്നുപോകുന്നു. മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കുണ്ടാവുന്ന മറ്റൊരു പ്രശ്നമാണ് മതിഭ്രമം. ഇല്ലാത്ത കാഴ്ചകളും ശബ്ദങ്ങളും കാണുന്നതായും കേൾക്കുന്നതായും തോന്നും. ഇതവരുടെ വ്യക്തിത്വത്തെ തന്നെ ബാധിക്കും. മയക്കുമരുന്നുപയോഗിക്കുന്നവർ അതിന് അടിമയാകുന്നു.

ഒരു സമൂഹത്തിന്റെ അടിസ്ഥാന ഘടകം കുടുംബങ്ങളാണ്. മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്ന ആളുകൾക്ക് തങ്ങളുടെ കുടുംബാഗങ്ങളുമായുള്ള ഊഷ്മള ബന്ധം നഷ്ടപ്പെടുന്നു.

സാമ്പത്തികക്ലേശം അനുഭവിക്കുന്ന മദ്യത്തിനും മയക്കുമരുന്നിനും അടിമയായുള്ള വ്യക്തികൾ പണം കടം വങ്ങാൻ നിർബന്ധിതനാക്കുന്നു. തിരിച്ചടക്കാൻ പറ്റില്ലാത്ത വിധം കടം വാങ്ങുന്നയാൾ ഒടുവിൽ കടക്കെണിയില്ലാകുന്നു. ആരും അയാളെ വിശ്വസിക്കാതെ അയാൾക്കു തന്നെ "താൻ സമൂഹത്തിനും കുടുംബത്തിനും ഒരധികപ്പറ്റാണ്" എന്നു തോന്നുകയും. ആത്മഹത്യപോലുള്ള മഹാമാരകമായ കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു.

#-------------------------------------------------------------#

# യഥാർത്ഥ ചങ്ങാതി

ഒരിടത്ത് ഒരു മരച്ചില്ലയിൽ ഒരു കൂട്ടം തത്തകൾ താമസിച്ചുവരികയായിരുന്നു.ഒരു പരുന്ത് മറ്റൊരു മരച്ചില്ലയിൽ വന്ന് കൂട് കൂട്ടി താമസമാക്കി.തത്തകൾക്കാകെ ഭയമായി.അവർ പറഞ്ഞു.ആ പരുന്ത് നമ്മുടെ കുഞ്ഞുങ്ങളെയും മുട്ടകളും എല്ലാം തിന്നും.ഒരു ദിവസം പ്രഭാതത്തിൽ തത്തയും കൂട്ടരും കൂടി യാത്ര പറഞ്ഞ് ഭക്ഷണം തേടിപോയി.ഉച്ചസമയം പരുന്ത് തന്റെ കൂട്ടിൽ വന്നിരുന്ന പരുന്ത് കുഞ്ഞുങ്ങളെ വീക്ഷിച്ചുകൊണ്ടിരുന്നു.പരുന്ത് നോക്കുമ്പോഴതാ കുഞ്ഞുങ്ങളുടെ പുറകിലായി ഒരു പാമ്പ്.പരുന്ത് ഒട്ടും വൈകിയില്ല.പറന്നുചെന്ന പാമ്പിനെ റാഞ്ചിയെടുത്തു കൊണ്ടുപോയി.കുഞ്ഞുങ്ങൾക്ക് അപ്പോഴും ഭയമായിരുന്നു .വൈകുന്നേരം തള്ളതത്തയും കൂട്ടരും മടങ്ങിയെത്തി . കുഞ്ഞിങ്ങൾ നടന്ന സംഭവമെല്ലാം പറഞ്ഞു . അവർ തന്റെ കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിച്ച പരുന്തിനോട് നന്ദി പറഞ്ഞ് സുഹൃത്തുക്കളാവുകയും ചെയ്തു.

# നന്ദി ...............

## സെന്റ് ജോർജ്ജസ് എച്ച്.എസ്.എസ്

## വെണ്ണിക്കുളം